ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 26.01.2026** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. രാജ്യം 77-ാമത് റിപ്പബ്ലിക് ദിനാഘോഷത്തിൽ; ന്യൂഡൽഹി കർത്തവ്യപഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും; രാജ്യതലസ്ഥാനം കനത്ത സുരക്ഷയിൽ.

   **Nation celebrates 77th Republic Day today; President Draupadi Murmu will receive the salute at the Republic Day parade in New Delhi; The National capital is under heavy security.**

2. റിപ്പബ്ലിക് ദിനത്തിൽ കേരളത്തിലും വിപുലമായ ആഘോഷ പരിപാടികൾ; തിരുവനന്തപുരത്ത് ഗവർണറും ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാരും പരിപാടികൾക്ക് നേതൃത്വം നൽകും.

   **Kerala will also have extensive celebrations on Republic Day; The Governor will lead the programs in Thiruvananthapuram and ministers in district headquarters.**

3. രാജ്യത്തിന്റെ സാമ്പത്തിക ഭാവി രൂപപ്പെടുത്തുന്നതിലെ വഴികാട്ടിയാണ് സ്വയം പര്യാപ്തതയും സ്വദേശി പ്രസ്ഥാനവുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. വികസിത ഭാരതം കെട്ടിപ്പടുക്കാനുള്ള ദൃഢനിശ്ചയത്തിന് റിപ്പബ്ലിക് ദിനം ആവേശം പകരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Atma-nirbharata & Swadeshi are guiding principles in shaping country's economic destiny says President Draupadi Murmu; Republic Day will inspire the determination to build a developed nation says PM Narendra Modi.**

4. പത്മ പുരസ്കാരത്തിൽ കേരളത്തിന് അഭിമാന നേട്ടം; മുൻ മുഖ്യമന്ത്രി വി എസ് അച്ചുതാനന്ദൻ, കെ ടി തോമസ്, പി നാരായണൻ എന്നിവർക്ക് പത്മവിഭൂഷൺ; വെള്ളാപള്ളി നടേശനും, നടൻ മമ്മൂട്ടിക്കും പത്മ ഭൂഷൺ.

   **Kerala gets a proud achievement in the Padma awards; Former Chief Ministers VS Achuthanandan, KT Thomas and P Narayanan awarded the Padma Vibhushan; Padma Bhushan for Vellapally Natesan and actor Mammootty.**

5. സായുധ സേനാംഗങ്ങൾക്കുള്ള ധീരതാ പുരസ്കാരം പ്രഖ്യാപിച്ചു. ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയ്ക്ക് അശോകചക്ര. ഗഗൻയാൻ ഗ്രൂപ്പ് ക്യാപ്റ്റൻ പ്രശാന്ത് ബാലകൃഷ്ണൻ നായരടക്കം മൂന്ന് പേർക്ക് കീർത്തിചക്ര.

   **Gallantry awards for armed forces personnel announces. Ashoka Chakra for Group Captain Shubhamshu Shukla. Gaganyaan Group Captain Prashanth Balakrishnan Nair bags Kirti Chakra.**

6. ന്യൂസിലൻഡിനെതിരായ ട്വന്റി-20 ക്രിക്കറ്റ് പരമ്പര ഇന്ത്യയ്ക്ക്.

   **India wins the Twenty20 cricket series against New Zealand.**

**&&&&&&&&&&&&&&&&**

# REPUBLIC DAY PARADE (INTRO)

രാജ്യം ഇന്ന് 77-ാമത് റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ കർത്തവ്യ പഥിൽ രാഷ്ട്രപതി ദ്രൗപദി മുർമു ദിനാഘോഷങ്ങൾക്ക് നേതൃത്വം നൽകും. രാവിലെ 10:30 ന് ആരംഭിക്കുന്ന റിപ്പബ്ലിക് ദിന പരേഡ് ഏകദേശം 90 മിനിറ്റ് നീണ്ടുനിൽക്കും. യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും പരേഡിൽ മുഖ്യാതിഥികളായിരിക്കും.

**വിശദാംശങ്ങളിലേക്ക്.....**

(ഹോൾഡ്-വോയ്സ്)

*ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യത്തിന്റെയും സൈനിക ശക്തിയുടെയും സവിശേഷമായ സംയോജനമായിരിക്കും കർത്തവ്യ പഥിലെ റിപ്പബ്ലിക് ദിന പരേഡ്. 'സ്വാതന്ത്ര്യത്തിന്റെ മന്ത്രം: വന്ദേമാതരം', 'സമൃദ്ധിയുടെ മന്ത്രം: ആത്മനിർഭർ ഭാരത്' എന്നതാണ് ഈ വർഷത്തെ പ്രമേയം. പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിക്കുന്നതോടെ റിപ്പബ്ലിക് ദിന പരേഡുകൾക്ക് തുടക്കമാകും. സായുധ സേന, അർദ്ധ സൈനിക വിഭാഗം, എൻസിസി, എൻഎസ്എസ് എന്നിവയിൽ നിന്നുള്ള യൂണിറ്റുകൾ ഉൾപ്പെടുന്ന ആചാരപരമായ മാർച്ച് പാസ്റ്റിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. വിവിധ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, കേന്ദ്ര സർക്കാർ മന്ത്രാലയങ്ങൾ, വകുപ്പുകൾ എന്നിവയിൽ നിന്നുള്ള മുപ്പത് ടാബ്ലോകൾ പരേഡിൽ പ്രദർശിപ്പിക്കും. വിവിധ മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ നിരവധി പേരെ പരിപാടിക്ക് സാക്ഷ്യം വഹിക്കാൻ സർക്കാരിന്റെ പ്രത്യേക അതിഥികളായി ക്ഷണിച്ചിട്ടുണ്ട്. റിപ്പബ്ലിക്ക് പരേഡിൻറെ പശ്ചാത്തലത്തിൽ ഡൽഹിയിൽ സുരക്ഷ ശക്തമാക്കിയിട്ടുണ്ട്.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

**********************************

## REPUBLIC DAY TRAFFIC ADVISORY

റിപ്പബ്ലിക് ദിന പരേഡും മറ്റ് അനുബന്ധ സാംസ്കാരിക പരിപാടികളും സുഗമമായി നടത്തുന്നതിനായി ഡൽഹി പോലീസ് ട്രാഫിക് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. വിജയ് ചൗക്കിൽ നിന്ന് ചുവപ്പു കോട്ട വരെയുള്ള പരമ്പരാഗത പാതയിലൂടെയായിരിക്കും റിപ്പബ്ലിക് ദിന പരേഡ് നടക്കുക. പരിപാടിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കാൻ വിപുലമായ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഡൽഹി

മെട്രോയും യാത്രക്കാർക്കായി പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

********************************

## REPUBLIC DAY - KERALA

77-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി കേരളത്തിലും വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ 9 ന് നടക്കുന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും. വിവിധ സേനാ വിഭാഗങ്ങളുടെ അഭിവാദ്യം ഗവർണർ സ്വീകരിക്കും. തുടർന്ന് റിപ്പബ്ളിക് ദിന സന്ദേശം നൽകും. ജില്ലാ ആസ്ഥാനങ്ങളിൽ നടക്കുന്ന പരിപാടികളിൽ മന്ത്രിമാർ പങ്കെടുക്കും.

********************************

## EU-LEADERS VISIT

യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റ, യൂറോപ്യൻ കമ്മീഷൻ അധ്യക്ഷ ഉർസുല വോൺ ഡർ ലെയിൻ എന്നിവരുമായി കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ഇന്നലെ കൂടിക്കാഴ്ച നടത്തി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നടക്കാനിരിക്കുന്ന ഇരുവരുടെയും കൂടിക്കാഴ്ച ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബന്ധത്തിൽ പുതിയ അധ്യായം കുറിയ്ക്കുമെന്ന് ശ്രീ ജയശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു.

********************************

## PRESIDENT ADDRESS

രാജ്യത്തിന്റെ സാമ്പത്തിക ഭാവി നിർണയിക്കുന്ന യാത്രയിലെ വഴികാട്ടിയാണ് സ്വയം പര്യാപ്ത ഇന്ത്യയും സ്വദേശി പ്രസ്ഥാനവുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

റിപ്പബ്ലിക് ദിനത്തിന്റെ പൂർവ്വ സന്ധ്യയിൽ രാഷ്ട്രത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീമതി മുർമ്മു. രാജ്യത്തെ സമ്പന്നമാക്കുന്നതിനും ആഗോളതലത്തിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചതിനും ഇന്ത്യയിലെ യുവ സംരംഭകർ, കായികതാരങ്ങൾ, ശാസ്ത്രജ്ഞർ, പ്രൊഫഷണലുകൾ എന്നിവരെ രാഷ്ട്രപതി പ്രശംസിച്ചു. ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി മാറുക എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്ക് രാജ്യം നീങ്ങുകയാണെന്ന് ശ്രീമതി മുർമു വ്യക്തമാക്കി.

**********************************

## PM MODI- PREZ ADDRESS

റിപ്പബ്ലിക് ദിനത്തിന്റെ പൂർവ്വ സന്ധ്യയിൽ രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ രാഷ്ട്രത്തോടുള്ള അഭിസംബോധന പ്രചോദനാത്മകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭരണഘടനയുടെ പ്രത്യേകതയെ രാഷ്ട്രപതി തന്റെ പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞിട്ടുണ്ടെന്നും രാഷ്ട്രത്തെ മുന്നോട്ട് നയിച്ച കൂട്ടായ മനോഭാവത്തെ അഭിനന്ദിച്ചിട്ടുണ്ടെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

**********************************

## PM REPUBLIC DAY WISH

രാജ്യത്തെ ജനങ്ങൾക്ക് റിപ്പബ്ലിക് ദിനാശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസിത ഭാരതം കെട്ടിപ്പടുക്കാനുള്ള കൂട്ടായ ദൃഢനിശ്ചയത്തിന് ഈ അവസരം പുതിയ ഊർജ്ജവും ആവേശവും പകരട്ടെയെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

**********************************

## FILM AWARDS-KERALA

2024ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകളുടെ സമർപ്പണം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സർക്കാരിന്റെ പരമോന്നത ചലച്ചിത്ര ബഹുമതിയായ ജെസി ഡാനിയൽ പുരസ്കാരം അഭിനേത്രി ശാരദയ്ക്ക് മുഖ്യമന്ത്രി സമ്മാനിച്ചു. മലയാള സിനിമയുടെ 35 വിഭാഗങ്ങളിൽ മികവ് തെളിയിച്ച കലാകാരന്മാർക്കുള്ള അംഗീകാരമാണിതെന്നും, മലയാള സിനിമയുടെ കലാപരമായ വളർച്ചയെ ചരിത്രപരമായി അടയാളപ്പെടുത്തുക എന്ന ദൗത്യമാണ് ഇതിലൂടെ നിർവഹിക്കപ്പെടുന്നതെന്നും നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പറഞ്ഞു.

**********************************

## PADMA AWARDS (INTRO)

2026-ലെ പത്മ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 131 പേരാണ് ഇക്കുറി പത്മ പുരസ്കാരങ്ങൾക്ക് അർഹരായത്. അഞ്ച് പേർക്ക് പത്മവിഭൂഷണും 13 പേർക്ക് പത്മ ഭൂഷണും 113 പേർക്ക് പത്മശ്രീയുമാണ് പ്രഖ്യാപിച്ചത്. കേരളത്തിൽ നിന്ന് എട്ടു പേരാണ് പത്മ പുരസ്കാരങ്ങൾക്ക് അർഹരായത്.

**വിശദാംശങ്ങളിലേക്ക്.....**

**(ഹോൾഡ് വോയ്സ്..........)**

*കേരള മുൻ മുഖ്യ മന്ത്രി വി.എസ് അച്യുതാനന്ദനും ബോളിവുഡ് നടൻ ധർമ്മേന്ദ്ര സിങ് ഡിയോളിനും മരണാന്തര ബഹുമതിയായി പത്മ വിഭൂഷൺ ലഭിച്ചു. ജസ്റ്റിസ് കെ.ടി തോമസും, മുതിർന്ന മാധ്യമപ്രവർത്തകനും ജന്മഭൂമി പത്രത്തിന്റെ സഹസ്ഥാപകനുമായ പി നാരായണനും ഉത്തർപ്രദേശിൽ നിന്നുള്ള ക്ലാസിക്കൽ വയലിനിസ്റ്റ് എൻ രാജവും പത്മ വിഭൂഷൺ പുരസ്കാരത്തിന് അർഹരായി. ചലച്ചിത്ര നടൻ മമ്മൂട്ടി, SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ എന്നിവരാണ് പത്മ ഭൂഷൺ പുരസ്കാരം*

*നേടിയ മലയാളികൾ. ഝാർഖണ്ഡ് മുക്തി മോർച്ചാ സ്ഥാപക നേതാവ് ഷിബു സോറൻ, ഗായിക അൽക യാഗ്നിക്, വ്യവസായി ഉദയ് കൊട്ടക്, മുൻ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി ഭഗത് സിംഗ് കോഷ്യാരി എന്നിവരുൾപ്പെടെയുള്ളവർക്കാണ് പത്മഭൂഷൺ ലഭിച്ചത്. ശാസ്ത്ര മേഖലയിൽ നിന്ന് എ.ഇ മുത്തുനായഗം, നൃത്തരംഗത്തെ സംഭാവനകൾക്ക് കലാമണ്ഡലം വിമല മേനോൻ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൊല്ലക്കയിൽ ജി ദേവകി അമ്മ എന്നിവർക്കാണ് കേരളത്തിൽ നിന്നും പത്മശ്രീ പുരസ്കാരം ലഭിച്ചത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

*********************************

## PADMA AWARD - RESPONSE

പത്മ അവാർഡുകൾ കേരളത്തിനുള്ള അംഗീകാരമാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. അർഹതപ്പെട്ടവരുടെ കരങ്ങളിലേക്ക് പത്മ അവാർഡുകൾ എത്തുന്ന ഈ കാലത്ത് കേരളത്തിലേക്കെത്തിയ പുരസ്കാരങ്ങൾക്ക് തിളക്കം ഏറുമെന്നും ശ്രീ രാജീവ് ചന്ദ്രശേഖർ അഭിപ്രായപ്പെട്ടു.

*********************************

## PREZ-GALLANTRY AWARD

77-ാം റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച്, ആറ് മരണാനന്തര ബഹുമതികൾ ഉൾപ്പെടെ 70 സായുധ സേനാ ഉദ്യോഗസ്ഥർക്കുള്ള ധീരതാ പുരസ്കാരങ്ങൾക്ക് രാഷ്ട്രപതി ദ്രൗപദി മുർമു പ്രഖ്യാപിച്ചു. അന്താരാഷ്ട്ര ബഹിരാകാശ നിലയം സന്ദർശിക്കുന്ന ആദ്യ ഇന്ത്യക്കാരനായി ചരിത്രം കുറിച്ച ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻശു ശുക്ല അശോകചക്രയ്ക്ക് അർഹനായി. മേജർ അർഷ്ദീപ് സിംഗ്, നായിബ് സുബേദാർ ദോലേശ്വർ സുബ്ബ സിംഗ്, ഗ്രൂപ്പ് ക്യാപ്റ്റനും മലയാളിയുമായ

പ്രശാന്ത് ബാലകൃഷ്ണൻ എന്നിവർ കീർത്തി ചക്ര പുരസ്കാരത്തിനും അർഹരായി. സായുധ സേനാംഗങ്ങൾക്കും മറ്റ് ഉദ്യോഗസ്ഥർക്കുമായി 301 സൈനിക ബഹുമതികളും രാഷ്ട്രപതി പ്രഖ്യാപിച്ചു.

*********************************

## JEEVAN RAKSHA PADAK

റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് രാഷ്ട്രപതി പ്രഖ്യാപിച്ച ജീവൻരക്ഷാ പുരസ്കാരങ്ങൾ ഏഴു മലയാളികൾ ഉൾപ്പെടെ 30 പേർക്ക് ലഭിച്ചു. സി. മുഹമ്മദ് ഷാമിൽ ഉത്തം ജീവൻരക്ഷാ പതക്കിനും ടി.ജെ. ജയേഷ്, മാസ്റ്റർ കെ.പി ആകാശ്, മാസ്റ്റർ ഹർഷിക് മോഹൻ, മാസ്റ്റർ സി. ഋതു നാഥ്, മാസ്റ്റർ കെ. വൈശാഖ്, മാസ്റ്റർ സി. യദുനന്ദ് എന്നിവർ ജീവൻരക്ഷാ പതക്കിനും അർഹരായി. ലക്ഷദ്വീപ് സ്വദേശി പി.എൻ. മുഹമ്മദ് ബാദുഷയും ജീവൻരക്ഷാ പതക് പുരസ്കാരത്തിന് അർഹനായി.

*********************************

## CRICKET- T20

ന്യൂസിലൻറിനെതിരായ മൂന്നാം പുരുഷ ടി- ട്വന്റി ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യയ്ക്ക് എട്ട് വിക്കറ്റിന്റെ വിജയം. ഇതോടെ അഞ്ച് മത്സരങ്ങളുള്ള പരമ്പര 3 -0 ന് ഇന്ത്യ സ്വന്തമാക്കി. ഗുവാഹത്തിയിൽ ഇന്നലെ നടന്ന മത്സരത്തിൽ ന്യൂസിലാൻഡ് ഉയർത്തിയ 154 റൺസ് വിജയലക്ഷ്യം പത്ത് ഓവറിൽ രണ്ടു വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടക്കുകയായിരുന്നു. പരമ്പരയിലെ അടുത്ത മത്സരം ബുധനാഴ്ച വിശാഖപട്ടണത്ത് നടക്കും.

*********************************

## PARLIAMENT - BUDGET

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം മറ്റന്നാൾ ആരംഭിക്കും. രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെന്റിൽ സമർപ്പിക്കും.

********************************

## SIR

കേരളത്തിൽ തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയിൻ മേലുള്ള പരാതികൾ ഈ മാസം 30 വരെ സമർപ്പിക്കാം. കരട് എസ്ഐആർ റോളിൽ നിന്ന് പേരുകൾ ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷിക്കണം.

********************************

## PRAGATI SPECIAL STORY

രാജ്യത്ത് സമയബന്ധിതമായ പദ്ധതി നിർവഹണം ഉറപ്പാക്കുന്നതിന് 2015-ൽ പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ച പ്രഗതി സംരംഭം 50-ാമത് അവലോകന യോഗമെന്ന സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. മഹാരാഷ്ട്രയിലെ നേരുൽ - ബേലാപൂർ- ഉരൺ റെയിൽവേ ലെയിൻ പ്രഗതി സംരംഭത്തിന്റെ ഫലപ്രാപ്തിയുടെ മികച്ച ഉദാഹരണങ്ങളിൽ ഒന്നാണ്. 2,800 കോടിയിലധികം രൂപ ചെലവിൽ രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കിയത്.

*

****************

********************************************